**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6818** **11-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് താലൂക്കിൽ മുന്നാട് വില്ലേജിലെ ഭൂമിയുടെ ന്യായവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിലെ മുന്നാട് വില്ലേജിലെ ഭൂമിയുടെ ന്യായവില സംബന്ധിച്ച വിഷയം ഇതുവരെ പരിഹരിക്കപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സമീപ വില്ലേജുകളെ അപേക്ഷിച്ച് ഭൂമിയുടെ ന്യായവില വർദ്ധനവ് മൂലം ഈ വില്ലേജിൽ ഭൂമി കൈമാറ്റം നടത്താൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. ഭൂമി കൈമാറ്റം നടക്കുന്നുണ്ട്. |
| (സി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിൽ മുന്നാട് വില്ലേജിൽ ഉൾപ്പെട്ടുവരുന്ന ഭൂമികളുടെ ന്യായവില സമീപ വില്ലേജുകളെ അപേക്ഷിച്ച് കൂടുതൽ ആണെന്നും ഒരു വില്ലേജിൽ ഒട്ടാകെ ഉൾപ്പെട്ടുവരുന്ന ഭൂമിയുടെ ന്യായവിലയിലെ അപാകത പരിഹരിക്കുന്നതിനായി കാസർഗോഡ് ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും, ടി വിഷയം പരിശോധിച്ച് വരുന്നതായും കാലതാമസം കൂടാതെ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുന്നതുമാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ